# A.I



**ARAVUKAD HSS PUNNAPRA DIGITAL MAGAZINE**

# അറവുകാട് ഹൈസ്ക്കൂൾ



## ചരിത്രം

ദക്ഷിണ കേരളത്തിലെ അതിപ്രശസ്തമായ ദേവീക്ഷേത്രങ്ങളിൽ ഒന്നായ പുന്നപ്ര അറവുകാട് ശ്രീദേവീ ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയമാണ് അറവുകാട് ഹൈസ്ക്കൂൾ .1968 ൽ ആണ് ഈ വിദ്യാലയം അറവുകാട് ക്ഷേത്രയോഗത്തിന്റെ അധീനതയിലും നിയന്ത്രണത്തിലും സ്ഥാപിച്ചത് .

പുന്നപ്രയിലേയും പരിസരപ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ജാതി -മത ഭേതമന്യേ വിദ്യ അഭ്യസിക്കുവാൻ ഈ വിദ്യാലയം അവസരം ഒരുക്കുന്നു .ആദ്യകാലങ്ങളിൽ അമ്പലത്തിലെ സ്റ്റേജിലും അമ്പലത്തോട് അനുബന്ധിച്ചുള്ള കെട്ടിടങ്ങളിലുമായിരുന്നു

ക്ലാസുകൾ നടന്നിരുന്നത് .പിന്നീട് ക്ഷേത്രയോഗത്തിന്റെ അധീനതയിലുള്ള ദേശീയപാതയ്ക്കുസമീപമുള്ള വിശാലമായ കെട്ടിടത്തിലേയ്ക്ക് സ്ഥാപനം മാറ്റപ്പെട്ടു

ശ്രീ .കെ .ചിതാനന്ദൻ അവർകളായിരുന്നു അറവുകാട് സ്കൂളിന്റെ പ്രഥമ മാനേജർ .ശ്രീ .രാഘവൻ അവർകൾ ,ശ്രീ .കെ .എസ് .ഭാസ്കരൻ അവർകൾ ,ശ്രീ .കെ .മോഹനൻ അവർകൾ ,ശ്രീ .പി .റ്റി .സുമിത്രൻ അവർകൾ എന്നിവർ പിന്നീട് സ്കൂൾ മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട് .ഇപ്പോൾ ക്ഷേത്രയോഗത്തിന്റെ വൈസ് പ്രസിഡന്റായ ശ്രീ .എസ്.പ്രഭുകുമാർ സ്കൂളിന്റെ മാനേജരായി ഭരണസാരഥ്യം വഹിക്കുന്നു .1968 ൽ പ്രവർത്തനം തുടങ്ങുമ്പോൾ ശ്രീ .ഗോപിനാഥൻ അവർകളായിരുന്നു സ്കൂളിന്റെ പ്രഥമ അദ്ധ്യാപകൻ .പിന്നീട് ശ്രീമതി ലളിതാംബിക ,ശ്രീമതി .എം .മണിയമ്മ ,ശ്രീ .എൻ .രാജശേഖരൻനായർ ,ശ്രീമതി എൽ .സീതാലക്ഷ്മി ,ശ്രീമതി ആർ .സതീഭായ് എന്നിവർ സ്കൂളിന്റെ പ്രഥമ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു .ഇപ്പോൾ ശ്രീമതി വി .ബി ഷിജ ടീച്ചർ പ്രഥമ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു . ഇന്ന് ആലപ്പുഴ ജില്ലയിൽ ഏറ്റവമധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുന്ന സ്ഥാപനമാണ് അറവുകാട് ഹൈസ്കൂൾ .ഇപ്പോൾ 1000 ഓളം വിദ്യാർഥികൾ ഈ സരസ്വതീവിദ്യാലയത്തിൽ വിദ്യ അഭ്യസിക്കുന്നുണ്ട് .

# നിർമ്മിത ബുദ്ധി

**കൃത്രിമബുദ്ധി** (artificial intelligence, AI) എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജന്റ് ഏജന്റുമാരുടെ പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്, അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു.

ഈ മേഖലയിലെ പ്രധാന ഗ്രന്ഥങ്ങൾ നിർവചിക്കുന്നതനുസരിച്ച് നി ർമ്മിത ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും". *വിവേകമുള്ള യന്ത്രങ്ങൾ* എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാനുള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ" ആണ്. സംഭാഷണപരമായി, "കൃത്രിമബുദ്ധി" എന്ന പദം പലപ്പോഴും മനുഷ്യ മനസ്സുമായി മനുഷ്യർ ബന്ധപ്പെടുത്തുന്ന "വൈജ്ഞാനിക" പ്രവർത്തനങ്ങളെ അനുകരിക്കുന്ന യന്ത്രങ്ങളെ (അല്ലെങ്കിൽ

കമ്പ്യൂട്ടറുകളെ) വിവരിക്കാൻ ഉപയോഗിക്കുന്നു, അതായത് "പഠിക്കുക", "പ്രശ്ന പരിഹാരം നടത്തുക".

1965 ൽ ഈ വാക്ക് ആദ്യമായി ഉപയോഗിച്ച ജോൺ മാക്കാർത്തി നിർവചിക്കുന്നത് "ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാനുള്ള ശാസ്ത്രവും എൻജിനീയറിങ്ങും" എന്നാണ്. ആയിരത്തി തൊള്ളായിരത്തി അൻപതുകളിൽ ആണ് സംഘടിതമായ കൃത്രിമ ബുദ്ധി വികസന ഗവേഷണം തുടങ്ങിയത്. 1956 ൽ ഡാർട്ട്മൗത്ത് കോളേജിൽ നടന്ന ഒരു സമ്മേളനത്തിൽ വച്ചാണ് ഇതിന്റെ ഔപചാരികമായ തുടക്കം കുറിക്കുന്നത്.പിന്നീടുള്ള വർഷങ്ങളിൽ, നിരാശയും ധനനഷ്ടവും ("എഐ വിന്റർ" എന്ന് അറിയപ്പെടുന്നു) പുതിയ സമീപനങ്ങളും തന്മൂലമുള്ള വിജയവും പുതുക്കിയ ഫണ്ടിംഗും മൂലം ശുഭാപ്തിവിശ്വാസത്തിന്റെ പരകോടിയിലെത്താൻ സഹായിച്ചു.എഐ ഗവേഷണം തുടങ്ങിയതു മുതൽ നിരവധി വ്യത്യസ്ത സമീപനങ്ങൾ പരീക്ഷിക്കുകയും നിരസിക്കുകയും ചെയ്തിട്ടുണ്ട്, തലച്ചോറിനെ അനുകരിക്കുക, മനുഷ്യന്റെ പ്രശ്നപരിഹാരം മാതൃകയാക്കുക, ഔപചാരികമായ യുക്തി, അറിവിന്റെ വലിയ ഡാറ്റാബേസുകൾ, മൃഗങ്ങളുടെ പെരുമാറ്റം അനുകരിക്കൽ എന്നിവ ഉൾപ്പെടുന്നു. 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ, മാത്തമാറ്റിക്കൽ-സ്റ്റാറ്റിസ്റ്റിക്കൽ മെഷീൻ ലേണിംഗ് ഈ മേഖലയിൽ ആധിപത്യം സ്ഥാപിച്ചു, ഈ സാങ്കേതികത വളരെ വിജയകരമാണെന്ന് തെളിയിച്ചിട്ടുണ്ട്, ഇത് വ്യവസായത്തിലും അക്കാദമിയിലുമുള്ള നിരവധി വെല്ലുവിളി നിറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു.

Rohit R (10 G)

## നിത്യവസന്തം

നിങ്ങളിലാരൊക്കെ നിശബ്ദപ്രണയങ്ങളുടെ കുഴിമാടങ്ങൾ കണ്ടിട്ടുണ്ട്...?

അതെങ്ങനെ കാണാനാണ് അല്ലേ...? ചിലരുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ ആരുമറിയാതെ അടക്കം ചെയ്യപ്പെട്ട കല്ലറകളിലേയ്ക്ക് നമുക്കെങ്ങനെയാണ് എത്തപ്പെടാൻ കഴിയുക...? ആഗ്രഹിക്കാഞ്ഞിട്ടും, അനുവാദമില്ലാതെ കടന്നുവരുന്ന ഓർമകളിലോ, ഓർമദിനങ്ങളിലോ അവർ മാത്രം നൊമ്പരപ്പൂക്കൾ അർപ്പിയ്ക്കുന്ന കുഴിമാടത്തെക്കുറിച്ച് ആരറിയാനാണ്.

എന്നാൽ, അവർക്ക് മുന്നിൽ നിങ്ങൾ ഒരു കുഞ്ഞുകാറ്റോ, ചെറു തോട്ടത്തിലെ വസന്തമോ ആയി മാറുക... അവർ മനസിന്റെ വാതിൽ തുറന്നിടുമ്പോൾ നിങ്ങൾക്കവിടേയ്ക്ക് എത്താനാകും... പക്ഷേ, ഒന്നോർക്കണം മരിച്ച മരവിച്ച ഓർമകളുടെ കല്ലറകളിൽ നിങ്ങൾ ഒരു തുള്ളി കണ്ണുനീരു പോലും പൊഴിക്കരുത്... ആശ്വാസത്തിന്റെ ഒരു നനുത്ത കാറ്റോ സൗരഭ്യമോ ആയി മാറുക...!!

പണ്ടെങ്ങോ എഴുതിയ ഒരു കുറിപ്പാണ്...

സത്യത്തിൽ അങ്ങനെ നിശബ്ദപ്രണയങ്ങൾ ഉണ്ടോ...? ഉണ്ട്... എന്റെ ഉള്ളിലും അങ്ങനെ ചിലത് ഉണ്ടായിട്ടുണ്ട്...!

ചിലരെ കണ്ട മാത്രയിൽ തോന്നിയ ഇഷ്ടം, വെറും ഒരു തോന്നൽ മാത്രമാണെന്നു കരുതിയിട്ടോ, അർത്ഥമില്ലാത്തതാണെന്നു കരുതിയിട്ടോ ഒക്കെ ആരുമറിയാതെ ഉള്ളിൽ സൂക്ഷിച്ചിട്ടുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ അങ്ങനെ രണ്ടുമൂന്നു മുഖങ്ങൾ മനസിൽ തെളിയുന്നുണ്ട്. മനസിന്റെ ആഴത്തിൽ, കുഴിമാടങ്ങളിൽ ഉറങ്ങുന്ന ഓർമകളായി ചില മുഖങ്ങൾ.

ധൈര്യമില്ലാത്തവർക്ക് അങ്ങനെ മാത്രമേ പ്രണയിക്കാൻ കഴിയൂ എന്ന് സുഹൃത്തുക്കൾ ചിലരെ പരിഹസിക്കുന്നത് കേട്ടിട്ടുണ്ട്.

Josna B(9A)

## സന്ദർശനം

എത്ര മനോഹരമായ ഒരു പേരാണത്. പാണ്ഡ്യദേശത്തിന്റെ ഐതീഹ്യങ്ങളിൽ, വിശ്വാസസങ്കൽപ്പങ്ങളിൽ, ശക്തിയായി വെളിച്ചമായി നിലകൊള്ളുന്ന മനോന്മണി. അതു കൊണ്ട് തന്നെ

അതൊരു ദേശത്തിന്റെ, സംസ്കാരത്തിന്റെ ഗന്ധം പേറുന്ന പേരായി തോന്നിയിട്ടുണ്ട്.

ഐതീഹ്യ കഥകൾക്കിപ്പുറത്ത് ജന്മം കൊണ്ടോ ജീവിതം കൊണ്ടോ പാണ്ഡ്യ ദേശവുമായി ഒരു ബന്ധവുമില്ലാത്ത മനോന്മണിയെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്.

മുഖപുസ്തകത്തിലെ ഫ്രണ്ട് റിക്വസ്റ്റ് നോട്ടിഫിക്കേഷൻ ബെല്ലടിച്ച് കടന്നു വന്ന മനോന്മണി ബാല. പേരിനോടുള്ള കൗതുകം കൊണ്ട് മാത്രം വന്ന അത്ര വേഗത്തിൽ സ്വീകരിക്കപ്പെട്ട ഒരു സൗഹൃദം.

പിന്നീടൊരിക്കൽ മെസ്സെഞ്ചറിൽ വന്ന മനോന്മണിയുടെ ഒരു ഹൈ മെസേജിൽ നിന്നാണ് ആ സൗഹൃദം വളർന്നത്. മനു എന്നു പരിചയപ്പെടുത്തിയിട്ടും ബാല എന്നു വിളിക്കാനാണ് ഞാൻ ഇഷ്ടപ്പെട്ടത്.

അത് തന്റെ അച്ഛന്റെ പേരാണെന്ന ഓർമപ്പെടുത്തലിനെ അവഗണിച്ച്, ‘ബാല എന്ന പേരിന് ഒരു കരുത്തുണ്ട്’’ എന്ന അഭിപ്രായത്തിൽ ഉറച്ച് നിന്നു കൊണ്ട് ആ വിളി ഞാൻ തുടർന്നു. എന്റെ പോസ്റ്റുകൾക്ക് കീഴിൽ പ്രകടിപ്പിക്കാവുന്ന പ്രതികരണങ്ങൾ, ബാല നേരെ മെസ്സെഞ്ചറിൽ വന്നു പറയും.

ബാലയുടേതായ ഒരു പ്രതികരണവും എന്റെ പോസ്റ്റുകളിൽ ഞാൻ കണ്ടിട്ടില്ലായിരുന്നു. അതേക്കുറിച്ച് ചോദിച്ചപ്പോൾ, ‘എന്തായാലും ആരോടായാലും നേരിൽ പറയാനാണ് ഇഷ്ടം‘ എന്നു മാത്രം അവൾ പറഞ്ഞു.

എന്റെ പോസ്റ്റുകൾ കൂടുതലും സ്വന്തമായെടുത്ത ചിത്രങ്ങളായിരുന്നത് കൊണ്ട് അതേക്കുറിച്ച് കൂടുതൽ സംസാരിക്കാനാകണം അങ്ങനെയൊരു വഴി തിരഞ്ഞെടുത്തതെന്ന് ഞാനും കരുതി. എന്റെ പൂക്കളും ശലഭങ്ങളും ബാലയെ ഓരോ ദിവസവും കൂടുതൽ കൂടുതൽ വിസ്മയിപ്പിക്കുന്നത് ഞാൻ അവളുടെ വാക്കുകളിൽ നിന്നും ഇമോജികളിൽ നിന്നും മനസിലാക്കി.

ഒരിയ്ക്കൽ ചെറിയൊരു സംശയത്തോടെ ബാല ചോദിച്ചു, “ഇതൊക്കെ സ്വന്തം വീട്ടുമുറ്റത്ത് നിന്ന് തന്നെ...?” അതെ എന്ന ഉത്തരം അന്നും പിന്നീട് പലയാവർത്തിയും പറയേണ്ടി വന്നിട്ടുണ്ട്...

Drona(8G)

## എന്റെ മലയാളം




എത്ര സുന്ദരം എത്ര സുന്ദരം എന്റെ
മലയാളം
മുത്ത് പവിഴങ്ങൾ കൊരുത്തൊരു
പൊന്നു നൂൽ പോലെ

മണ്ണിൽ വീണ കറുത്ത നെന്മണി
വിത്ത് മുളപൊട്ടി
മിന്നുമീരില വീശിടുമ്പോൾ എത്രയീരടികൾ
മണ്ണിൽ വേർപ്പു വിതച്ചവർതൻ ഈണമായ് വന്നു
അന്ന് പാടിയ പാട്ടിലൂഞ്ഞാലാടി മലയാളം

കൊഞ്ചലും കുറുമൊഴികളും പോയ് കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തിയ കിളിമകൾ പാടി
ദേവ ദൈത്യ മനുഷ്യവർഗ മഹാ ചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി വളർന്നു മലയാളം

എത്ര സുന്ദരം എത്ര സുന്ദരം എന്റെ മലയാളം
മുത്ത് പവിഴങ്ങൾ കൊരുത്തൊരു സ്വർണ മാലിക പോൽ


Vishnu P(8F)




Rasiya.R


AKSHAYJIT
VIII B


HARIKRISHNAN
IX.D


NAME :- ABHISH
XA1
HOTEL
OUR Enviorment
ON
OUR
Hands
PLASTIC
Destroying
Factory

## കുരങ്ങന്റെ വികൃതി



സ്വന്തം കാട് മടുത്തതുകൊണ്ടല്ല കുരങ്ങച്ചൻ അടുത്ത കാട്ടിലേയ്ക്ക് യാത്രയായത്; ആഹാരത്തിനുള്ള വകയൊക്കെ കുറഞ്ഞു വരുകയാണെന്ന ബോദ്ധ്യം കൊണ്ടാണ്.

മഹാ ഭാഗ്യവാനായിരുന്നു അവൻ. അതുകൊണ്ടാണല്ലോ വൃദ്ധനും നല്ലവനുമായ ഉറാങ്ങ് ഉട്ടാന്റെ അടുത്തുതന്നെ അവൻ ചെന്നുപെട്ടത്. അവന്റെ കാര്യങ്ങളൊക്കെ ചോദിച്ചറിഞ്ഞ ഉറാങ്ങ് ഉട്ടാൻ തന്നോടൊപ്പം താമസിക്കാൻ അവനെ അനുവദിച്ചു.

“അമ്മാവാ, അങ്ങേയ്ക്കുള്ള ആഹാരവും കൂടി ഞാനെത്തിച്ചോളാം.” കുരങ്ങച്ചൻ അങ്ങനെ പറഞ്ഞപ്പോൾ ഉറാങ്ങ് ഉട്ടാനുണ്ടായ സന്തോഷം കുറച്ചൊന്നുമായിരുന്നില്ല.

ദിവസങ്ങൾക്കുള്ളിൽത്തന്നെ ഇരുവരും വളരെയേറെ അടുത്തു. അസ്ത്രവിദ്യയിലും വയലിൻ വായനയിലും അതിനിപുണനായ അമ്മാവൻ ആ വിദ്യ രണ്ടും കുരങ്ങച്ചനെ പഠിപ്പിച്ചു.

വർഷം രണ്ടു കടന്നുപോയത് അറിഞ്ഞില്ല. ഒരു ദിവസം കുരങ്ങൻ പറഞ്ഞു.

“അമ്മാവാ, ഒന്നു നാട്ടിൽ പോകണമെന്നൊരു മോഹം. എന്റെ ആൾക്കാരൊക്കെ അവിടെയാണല്ലോ, അമ്മാവൻ അനുവദിച്ചാൽ”

“മോനേ, അങ്ങനെയൊരാശ തടയാൻ ഈ അമ്മാവനു പറ്റുമോ; പോയി വരൂ.”

രണ്ടു കൈയും തലയിൽ വച്ച് അവനെ അനുഗ്രഹിച്ചുകൊണ്ടു തന്റെ അമ്പും വില്ലും അവനു കൊടുത്തിട്ട് പറഞ്ഞു.

“നിനക്കിവ തുണയായിരിക്കും. മാന്ത്രിക സ്പർശമുള്ളതാണ് രണ്ടും. സുരക്ഷിതമായി മടങ്ങി വരിക.”

സ്വന്തം കാട്ടിലെത്തിയ കുരങ്ങച്ചൻ ആദ്യം കണ്ടുമുട്ടിയത് ചെന്നായയെ ആയിരുന്നു. അവർ പരസ്പരം വിശേഷങ്ങളൊക്കെ കൈമാറി. ഒടുവിൽ ചെന്നായ പറഞ്ഞു.

“എന്റെ പൊന്നു സ്നേഹിതാ, വിശന്നിട്ടുവയ്യ. രാവിലെ മുതൽ ഒരു കാട്ടുമാനിന്റെ പിന്നാലെ കൂടിയതാ. എന്നെ വെട്ടിച്ച് അവൻ ഓടിക്കളയും. ഇവിടെ എവിടെയോ അവനുണ്ട്. തളർന്നെടോ.”

“ഓ... ഇതാണോ കാര്യം. അതിലെന്തിത്ര വിഷമിക്കുന്നു. ദാ ഇതുകണ്ടോ. ഇവനെ ഒന്നു പ്രയോഗിച്ചാൽ എത്ര ദൂരെയുള്ള മാനും ധിം. അവനെ ഒന്നു കാണിച്ചു തന്നാൽ മതി.” തന്റെ മുതുകിൽ കെട്ടിത്തൂക്കിയിരുന്ന അമ്പും വില്ലും കാണിച്ചുകൊണ്ട് കുരങ്ങച്ചൻ വെളിപ്പെടുത്തി.

അമ്പും വില്ലും തയ്യാറാക്കി അവൻ ഒരുങ്ങി നിന്നു. ഏറെ നേരം കഴിഞ്ഞില്ല, ചെന്നായ സന്തോഷത്തോടെ പറഞ്ഞു.

"ദാ നോക്ക് അവിടെ"

കുരങ്ങൻ വില്ല് കുലച്ചു. മാൻ പിടഞ്ഞുവീണു ചത്തു. കുശാലായ ഭക്ഷണം.

കുരങ്ങനോടു ഒരു നന്ദിവാക്കു പോലും ചെന്നായ പറഞ്ഞില്ല. പകരം അമ്പും വില്ലും തനിക്കു നല്കണമെന്ന് ശഠിക്കുകയാണ് ചെയ്തത്.

"പറ്റില്ല. ഇതു ഞാൻ തരില്ല." കുരങ്ങൻ തീർത്തു പറഞ്ഞു

അവരുടെ ആ വാധഗ്വാദത്തിനിടയിലാണ് കുറുനരി അവിടെയെത്തിയത്. ചെന്നായ കുറുനരിയോടു പറഞ്ഞു.

"ചേട്ടാ എന്റെ അമ്പും വില്ലും ഇവൻ മോഷ്ടിച്ചു."

കുറുനരി ഇരുവരുടെയും വാദപ്രതിവാദങ്ങൾ കേട്ടു. ഒടുവിൽ പറഞ്ഞു.

"ഒരു തീരുമാനത്തിലെത്താൻ എനിക്കു കഴിയുന്നില്ല. കാട്ടുകോടതിക്കു മുന്നിൽ നമുക്കു പ്രശ്നം അവതരിപ്പിക്കാം."

കോടതി കൂടുന്നതുവരെ തർക്കത്തിനു കാരണമായ വസ്തു താൻ സൂക്ഷിക്കുമെന്നും കുറുനരി വെളിപ്പെടുത്തി.

ചെന്നായ ആ അഭിപ്രായം പെട്ടെന്നുതന്നെ അംഗീകരിച്ചു. കുരങ്ങനും അതു സമ്മതിക്കേണ്ടി വന്നു.

എന്നാണു കോടതി കൂടുന്നതെന്ന് മുഖ്യ വിധികർത്താവായ സിംഹവുമായി കൂടിയാലോചിച്ചു പറയുന്നതാണ്.

അമ്പും വില്ലും ഉപയോഗിച്ച കുറുനരി അതു വളരെ നല്ലതെന്നു മനസ്സിലാക്കി. അടുത്ത ദിവസം ചെന്നായയുടെ അടുക്കലെത്തിയ കുറുനരി നയത്തിൽ ചോദിച്ചു.

"എടോ വാസ്തവത്തിൽ അമ്പും വില്ലും നിന്റെ തന്നെയാണോടേയ്?"

അതിനു ചെന്നായ മറുപടിയൊന്നും പറഞ്ഞില്ല. പകരം ഒരു കള്ളച്ചിരി ചിരിച്ചു

"നിന്റെ ആണെങ്കിലും അല്ലെങ്കിലും അടുത്ത ആഴ്ച കോടതി കൂടും. നിനക്കനുകൂലമായി ഞാൻ നില്ക്കാം. പക്ഷേ..."

ബാക്കി എന്തെന്നറിയുന്നതിനുവേണ്ടി ചെന്നായ ഒരു ചോദ്യ ഭാവമെറിഞ്ഞു.

"ഒരു ദിവസം നിന്റെ കൈയിലെങ്കിൽ അടുത്ത ദിവസം എന്റെ കൈയിൽ. എന്തേ?"

അല്പം ആലോചിച്ചിട്ടു ചെന്നായ വ്യവസ്ഥ അംഗീകരിച്ചു.

സിംഹം, പുലി, കുറുനരി, മറ്റ് നാലഞ്ചു മൃഗങ്ങൾ. അതാണ് കാട്ടുകോടതി.

തർക്കവിതർക്കങ്ങൾ കാര്യമായി നടന്നു. കുരങ്ങനു തന്റെ വാദം ഭംഗിയായി അവതരിപ്പിക്കാനായില്ല. കുറുനരിയാകട്ടെ ചെന്നായയ്ക്ക് അനുകൂലമായ രീതിയിൽ സംസാരിക്കുക കൂടി ചെയ്തപ്പോൾ എല്ലാം കുരങ്ങന് എതിരായി.

മോഷണം വധശിക്ഷയ്ക്ക് അർഹമായ കുറ്റമെന്നാണ് കാട്ടു നിയമം. ഒരിളവോടുകൂടി കുരങ്ങനും വധശിക്ഷ ലഭിച്ചു.

എന്തെങ്കിലും ഒരു കാര്യം അവനു ചെയ്യണമെന്നുണ്ടെങ്കിൽ അതാവാം. അതാണ് അവനുള്ള ആനുകൂല്യം.

വയലിൻ. തന്റെ മാന്ത്രിക വയലിൻ. വയലിനിൽ ഒരു പാട്ടു പാടണം. അതാണവന്റെ ആഗ്രഹം.

കുരങ്ങൻ വയലിൻ പതിയെ വായിക്കാൻ തുടങ്ങി.

പാട്ട് മുന്നോട്ടു നീങ്ങവേ സിംഹം അടക്കമുള്ള മൃഗങ്ങൾ നൃത്തച്ചുവടുകൾ വയ്ക്കാൻ തുടങ്ങി. കുരങ്ങൻ പാതിയടഞ്ഞ കണ്ണുകളുമായി നിന്നു. പാട്ടിനു തീവ്രതയേറി. നൃത്തച്ചുവടുകൾ ഭ്രാന്തമായി. കുരങ്ങൻ പാട്ടു തുടർന്നു.

നൃത്തം നിറുത്തുന്നതിനു ഒരു മൃഗത്തിനും കഴിയുന്നില്ല.

"പ്ലീസ് പാട്ടു നിർത്തൂ." സിംഹം ദയനീയമായി അപേക്ഷിച്ചു. ക്ഷീണിച്ച് അവശരായി രണ്ടുമൂന്നു മൃഗങ്ങൾ കുഴഞ്ഞുവീണു. ഒടുവിൽ സിംഹം പിന്നെയും പറഞ്ഞു. "പാട്ടു നിർത്തൂ പ്ലീസ്, എന്റെ സിംഹാസനം പോലും നിനക്കു തരാം."

ഒടുവിൽ സിംഹവും പുലിയും ഒന്നിച്ചലറി. "വിധി പിൻവലിച്ചിരിക്കുന്നു. അമ്പും വില്ലും കുരങ്ങനു തന്നെ." പെട്ടെന്നുതന്നെ തന്റെ അമ്പും വില്ലും എടുത്തുകൊണ്ട് കുരങ്ങൻ തൊട്ടടുത്ത മരത്തിലേക്കു ചാടിക്കയറി.

കുരങ്ങൻ വീണ്ടും പാട്ടു തുടങ്ങിയാലോ എന്നു പേടിച്ച സിംഹവും പുലിയും പെട്ടെന്നു സ്ഥലം വിട്ടു.

“ചതിയിലൂടെ നേടുന്നതൊന്നും ശാശ്വതമല്ലെന്നറിയുക’. എന്നു തുടങ്ങുന്ന പാട്ടു പാടിക്കൊണ്ട് കുരങ്ങൻ അല്പസമയം കൂടി അവിടെ തങ്ങിയിട്ട് സ്ഥലം വിട്ടു.